Mathrubhumi
മാതൃഭൂമി
6 May 2022

# കല്ലുമ്മക്കായ വിളവെടുപ്പ് നടത്തി

കൊച്ചി▸ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) മേൽനോട്ടത്തിൽ കുടുംബശ്രീ യൂണിറ്റുകൾ മൂത്തകുന്നത്തും ചേറ്റുവയിലും നടത്തിയ കല്ലുമ്മക്കായകൃഷി വിളവെടുത്തു. മൂത്തകുന്നം കായലിൽ നിന്ന് ഒന്നരടണ്ണും ചേറ്റുവയിൽനിന്ന് 350 കിലോ കല്ലുമ്മക്കായയുമാണ് വിളവെടുത്തത്.

കഴിഞ്ഞ ഡിസംബറിലാണ് കൃഷി ആരംഭിച്ചത്. ശാസ്ത്രീയമായി ശുദ്ധീകരിച്ചശേഷം തോട്കളഞ്ഞ കല്ലുമ്മക്കായ പൊതുജനങ്ങൾക്ക് വാങ്ങുന്നതിനായി സി.എം.എഫ്.ആർ.ഐ.യിൽ ലഭ്യമാണ്.



സി.എം.എഫ്.ആർ.ഐ.യുടെ മേൽനോട്ടത്തിൽ മൂത്തകുന്നത്തു നടന്ന കല്ലുമ്മക്കായകൃഷി വിളവെടുപ്പ് നടത്തുന്നു

സി.എം.എഫ്.ആർ.ഐ.യുടെ ആറ്റിക് കൗണ്ടറിൽനിന്നും പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10-നും വൈകീട്ട് നാലിനുമിടയിൽ വാങ്ങാം. 250 ഗ്രാം പായ്ക്കറ്റിന് 200 രൂപയാണ് വില. ഫോൺ 0484-2394867 (എക്സ്റ്റൻഷൻ 406).